# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇളംദേശം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഐ.ഡി.കെ-4/38/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 08/02/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇളംദേശം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസി.ഡെവലപ്മെന്റ് കമ്മീഷണർ, ഗ്രാമവികസന വകുപ്പ്, ഇടുക്കി
3)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ-ഐ.ഡി.കെ-4/38/22 തീയ്യതി: 08/02/2022

## ഇടുക്കി ജില്ലയിലെ ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-02-2020 മുതൽ 28-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 3 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സിനി എം.വി. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 29-12-2021 | 05-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 29-12-2021 | 05-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.എം.എസ്.രാജീവ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി മരുൺ മാത്യു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അനിറ്റ പി.സാമുവൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി വിഷ്ണുപ്രിയ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി മായ കൃഷ്ണൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മർട്ടിൽ മാത്യു | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. കെ ആർ ഭാഗ്യരാജ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജോർജ്ജ് ജോസഫ് | അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2019 | 27-07-2019 |
| ശ്രീമതി ദീപ റ്റി.ആർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | 28-07-2019 | 31-03-2020 |
| ശ്രീ.സുധീഷ് എം.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 01-03-2020 |
| ശ്രീമതി സിസിലിയാമ്മ മാത്യു | സി.ഡി.പി.ഒ | 01-04-2019 | 25-07-2019 |
| ശ്രീമതി ജിഷാ ജോസഫ് | സി.ഡി.പി.ഒ | 26-07-2019 | 31-03-2020 |
| ശ്രീമതി ആനിയമ്മ ഫ്രാൻസിസ് | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.ബെന്നി തോമസ് | എ.ഡി.എ | 01-04-2019 | 31-05-2019 |
| ശ്രീമതി ആഷ്‌ലി മറിയാമ്മ ജോർജ്ജ് | എ.ഡി.എ | 01-06-2019 | 11-07-2019 |
| ശ്രീമതി ഡീന അബ്രഹാം | എ.ഡി.എ | 12-07-2019 | 31-03-2020 |
| ശ്രീമതി സോഫിയാ മോൾ | എസ്.സി.ഡി.ഒ | 01-04-2019 | 31-03-2022 |
| ശ്രീ.ബാബുരാജ് | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി സാബിത ബീഗം വി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 17-07-2019 |
| ശ്രീമതി ശ്രീദേവി കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 18-07-2019 | 31-03-2020 |
| ഡോ ഖയാസ് | മെഡിക്കൽ ഓഫീസർ(ആരോഗ്യം) | 01-04-2019 | 30-04-2019 |
| ഡോ. അൻസൽ നബി | മെഡിക്കൽ ഓഫീസർ(ആരോഗ്യം) | 01-05-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Anitta P Samuel (Asst. Audit Officer, On 30-12-2021)<br>Last Updated By: Shyni M.R (Computer Assistant, On 07-02-2022) | 1-1 |
| 2 | ബജറ്റ് വ്യതിയാനം സംബന്ധിച്ച്<br>Written By: Anitta P Samuel (Asst. Audit Officer, On 06-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-02-2022) | 1-1(1) |
| 3 | വാർഷിക ധനകാര്യപത്രിക<br>Written By: Anitta P Samuel (Asst. Audit Officer, On 05-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-02-2022) | 1-2 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Anitta P Samuel (Asst. Audit Officer, On 30-12-2021)<br>Last Updated By: Shyni M.R (Computer Assistant, On 22-01-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Anitta P Samuel (Asst. Audit Officer, On 30-12-2021)<br>Last Updated By: Shyni M.R (Computer Assistant, On 07-02-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Anitta P Samuel (Asst. Audit Officer, On 30-12-2021)<br>Last Updated By: Shyni M.R (Computer Assistant, On 07-02-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Anitta P Samuel (Asst. Audit Officer, On 30-12-2021)<br>Last Updated By: Shyni M.R (Computer Assistant, On 10-01-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Anitta P Samuel (Asst. Audit Officer, On 31-12-2021)<br>Last Updated By: Shyni M.R (Computer Assistant, On 10-01-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Anitta P Samuel (Asst. Audit Officer, On 31-12-2021)<br>Last Updated By: Shyni M.R (Computer Assistant, On 24-01-2022) | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Anitta P Samuel (Asst. Audit Officer, On 31-12-2021)<br>Last Updated By: Shyni M.R (Computer Assistant, On 07-02-2022) | 1-9 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Anitta P Samuel (Asst. Audit Officer, On 04-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 24-01-2022) | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Anitta P Samuel (Asst. Audit Officer, On 04-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 24-01-2022) | 1-11 |
| 13 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Maya Krishnan (Auditor, On 04-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 08-02-2022) | 1-12 |
| 14 | കെട്ടിട വാടക സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമല്ല<br>Written By: Maya Krishnan (Auditor, On 04-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-02-2022) | 1-13 |
| 15 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (36/20)- ബ്ലോക്ക് വിഹിതമായി നൽകിയ മൊത്തം തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Vishnu Priya K (Senior Grade Auditor, On 05-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-02-2022) | 1-14 |
| 16 | ടെണ്ടർ ഫോം ഫീസ്-ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല<br>Written By: Marun Mathew (Asst. Audit Officer, On 06-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 24-01-2022) | 1-15 |
| 17 | വനം വകുപ്പിന്റെ എൻ ഒ സി കൂടാതെ പദ്ധതി രൂപികരിച്ചു | 1-16 |

| | | |
|---|---|---|
| | Written By: Marun Mathew (Asst. Audit Officer, On 06-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 24-01-2022) | |
| 18 | നിയമപരമായ കാലാവധിക്ക് ശേഷവും പിഴ കൂടാതെ കരാർ ചമയ്ക്കാൻ അനുവാദം നൽകി<br>Written By: Marun Mathew (Asst. Audit Officer, On 06-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-02-2022) | 1-17 |
| 19 | വൗച്ചർ തയ്യാറാക്കുന്നതിലെ അപാകതകൾ<br>Written By: Anitta P Samuel (Asst. Audit Officer, On 05-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-02-2022) | 1-18 |
| 20 | അസ്സൽ രസീത് ഹാജരാക്കാതെ ഡെപ്പോസിറ്റ് റീഫണ്ട് അനുവദിച്ചത് സംബന്ധിച്ച്<br>Written By: Anitta P Samuel (Asst. Audit Officer, On 05-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 24-01-2022) | 1-19 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Maya Krishnan (Auditor, On 03-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-02-2022) | 4-1 |
| 2 | സംയുക്ത പ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Maya Krishnan (Auditor, On 03-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 24-01-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Maya Krishnan (Auditor, On 03-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 24-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Maya Krishnan (Auditor, On 03-01-2022)<br>Last Updated By: Maya Krishnan (Auditor, On 03-01-2022) | 4-4 |
| 5 | വായ്പ /വായ്പാ തിരിച്ചടവ്<br>Written By: Maya Krishnan (Auditor, On 03-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-02-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Maya Krishnan (Auditor, On 03-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Maya Krishnan (Auditor, On 03-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Maya Krishnan (Auditor, On 03-01-2022)<br>Last Updated By: Maya Krishnan (Auditor, On 03-01-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Maya Krishnan (Auditor, On 03-01-2022)<br>Last Updated By: Maya Krishnan (Auditor, On 03-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Maya Krishnan (Auditor, On 03-01-2022)<br>Last Updated By: Sini.M.V (Senior Deputy Director, On 08-02-2022) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Maya Krishnan (Auditor, On 03-01-2022)<br>Last Updated By: Shyni M.R (Computer Assistant, On 07-02-2022) | 4-11 |

| അനുബന്ധം | |
| --- | --- |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

₹78959250/- വരവും ₹77019000/- ചെലവും ₹1940250/- നീക്കിയിരിപ്പും ഉള്ള ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 ലെ ബജറ്റ് 22.02.2019ലെ 1(1) നം. തീരുമാന പ്രകാരം ഭരണസമിതിയുടെ അംഗീകാരം നേടി.

### 1-1(1) ബജറ്റ് വ്യതിയാനം സംബന്ധിച്ച്

ബജറ്റ് പ്രകാരമുള്ള വരവ് ചെലവും യഥാർത്ഥ വരവു ചെലവും തമ്മിൽ വലിയ വ്യത്യാസം ഉണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| ബജറ്റ് പ്രകാരം | 78959250 | 77019000 | 1940250 |
| ധനകാര്യപത്രിക പ്രകാരം | 65322331 (മുന്നിരിപ്പ് ഉൾപ്പെടെ) | 54144887 | 11177444 |

കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും അംഗീകരിക്കപ്പെട്ട ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയതി | അപാകത പരിഹരിച്ച് ലഭിച്ച തിയതി |
|---|---|---|---|
| 31-7-2020 | 29-5-2020 | - | - |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13979700 |
| വരവ് | 51342631 |
| ആകെ | 65322331 |
| ചെലവ് | 54144887 |
| നീക്കിയിരിപ്പ് | 11177444 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതുവിഭാഗം | - | 35055000 | 35055000 | 29404876 | 5650124 |
| | പട്ടികജാതി വിഭാഗം | - | 5733000 | 5733000 | 5006108 | 726892 |
| | പട്ടിക വർഗ്ഗം വിഭാഗം | - | 9302000 | 9302000 | 7206781 | 2095219 |
| മെയിന്റനൻസ് ഗ്രാന്റ് | റോഡ് | - | 0 | 0 | 0 | 0 |
| | നോൺറോഡ് | - | 4580000 | 4580000 | 2175376 | 2404624 |
| | ഐ.എ.വൈ (പൊതുവിഭാഗം) | 2293600 | 922584 | 3216184 | 2813503 | 402681 |
| | ഐ.എ.വൈ(SCP) | 17500 | 0 | 17500 | 17500 | 0 |
| | ഐ.എ.വൈ(TSP) | 9319 | 0 | 9319 | 9319 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | സമ്പൂർണ്ണ ശുചിത്വം | 657422 | 23169 | 680591 | 505467 | 175124 |
| | നീർത്തടപരിപാലന പദ്ധതി | 41761 | 27874 | 69635 | 26303 | 43332 |
| | പ്രത്യേക കേന്ദ്ര വിഹിതം | 23050 | 0 | 0 | 23050 | 0 |
| | സാക്ഷരത | 5324 | 196 | 5520 | 0 | 5520 |

ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂളിൽ ചേർത്തിരിക്കുന്ന അക്കൗണ്ട് ഹെഡ് 320700203 ലെ തുക രൂ.5350383/ ൽ ഏത് തുകകൾ ഉൾപ്പെട്ടിരിക്കുന്നു എന്ന് വ്യക്തമല്ല. കൂടാതെ അക്കൗണ്ട് ഹെഡ് 320300199 ലെ തുക 8344/-ൽ ഉൾപ്പെട്ടിരിക്കുന്ന തുകകൾ ഏതൊക്കെ എന്നും വ്യക്തമല്ല.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 154 | 70469569 | 100 | 45854757 | 0 | 54 | 35.06 |

2019-20 വർഷം ₹70469569/- പദ്ധതി അടങ്കലിൽ 154 പദ്ധതികൾക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്. എങ്കിലും ₹45854757/- പദ്ധതി ചെലവിൽ 100 പദ്ധതികളാണ് തൻവർഷം നടപ്പിലാക്കിയിട്ടുള്ളത്.
വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഏറ്റെടുത്ത പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| ശിശു വകസന പദ്ധതി ഓഫീസർ | 5 | 3 | 2125931 | 1226040 | 57.67 |
| ബി.ഡി.ഒ. | 31 | 20 | 19760483 | 16069434 | 81.32 |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 196303 | 185000 | 94.24 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 6 | 6 | 1404317 | 994302 | 70.80 |
| പട്ടികജാതി വികസന ഓഫീസർ | 2 | 1 | 613422 | 330000 | 53.79 |
| അസി.ഡയറക്ടർ കൃഷി | 2 | 2 | 1844419 | 913445 | 49.52 |
| ക്ഷീരവികസന ഓഫീസർ | 16 | 14 | 9032076 | 7662938 | 84.84 |
| വ്യവസായ വികസന ഓഫീസർ | 5 | 3 | 2040000 | 852500 | 41.78 |
| അസി.എക്സി.എഞ്ചിനീയർ | 1 | 1 | 500161 | 296221 | 59.22 |
| അസി.എഞ്ചിനീയർ | 85 | 49 | 32952457 | 17324877 | 52.57 |
| ആകെ | 154 | 100 | 70469569 | 45854757 | 65.07 |

തൻവർഷം ആകെ വകയിരുത്തിയിരുന്ന ₹70469569/- യുടെ 65.07 ശതമാനമായ ₹45854757/- ചെലവാക്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്.

## 1-6 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല

## 1-7 ക്ഷേമപദ്ധതികൾ

ബാധകമല്ല

## 1-8 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 5-1-2022 ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 5-1-2022 ന് ക്യാഷ് ബാലൻസ് ഇല്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 6-2-2015മുതൽ7-2-2015വരെ | 2012-13 | 28-4-2015 |
| പെർഫോമൻസ് ഓഡിറ്റ് | 21-7-2020 മുതൽ 24-7-2020 വരെ<br>15-4-2021 മുതൽ 22-4-2021 വരെ | 2019-20<br>2020-21 | 19-6-2020<br>7-7-2021 |

## 1-10 ആഭ്യന്തര നിയന്ത്രണം

ജോലി വിഭജന പ്രകാരം ഓഫീസിന്റെ പ്രവർത്തനം നടക്കുന്നുണ്ട്. സ്ഥലം മാറി പോകുന്ന ഉദ്യോഗസ്ഥർ ചാർജ്ജ് രജിസ്റ്ററിൽ ചാർജ്ജ് കൈമാറ്റം ചെയ്യുന്നുണ്ട്. രസീതിന്റെ സ്റ്റോക്ക് രജിസ്റ്റർ, വാടക രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല.

ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകൾക്ക് രസീത് നല്കുകയോ രജിസ്റ്ററിൽ ചേർക്കുകയോ ചെയ്യുന്നില്ല. ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റുമെന്റ് സെക്രട്ടറി ഒപ്പുവച്ച് അധികൃതമാക്കുന്നില്ല.

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1)ബാലൻസ് ഷീറ്റ് ബി-7 പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ രൂ.76425/ നീക്കിരിപ്പുണ്ടെങ്കിലും ഇതു സംബന്ധിച്ചുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2)ബാലൻസ് ഷീറ്റ് B-15 പ്രകാരം കെട്ടിട വാടക ഇനത്തിൽ കുടിശ്ശിക ഉൾപ്പെടെ രൂ.17579/ തുക ലഭ്യമാകാനുണ്ട് എങ്കിലും ഡി.സി.ബി രജിസ്റ്റർ പരിപാലിക്കുന്നില്ലാത്തതിനാൽ തുകയുടെ കൃത്യത വ്യക്തമല്ല.
3)ബാലൻസ് ഷീറ്റ് B-12 പ്രകാരം ഫിക്സഡ് ഡെപ്പോസിറ്റ് രൂ.80000/ നീക്കിയിരിപ്പുണ്ട്. രജിസ്റ്റർ പരിപാലിക്കുന്നില്ലാത്തതിനാൽ ഈയിനത്തിലെ തുകയുടെ കൃത്യത വ്യക്തമല്ല.
4)ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.
5)ഇടുക്കി ജില്ലാ സഹകരണ ബാങ്ക് 0001, യൂണിയൻ ബാങ്ക് ഐ.എ.വൈ 4450 എന്നീ അക്കൗണ്ടുകളിൽ ഇടപാടുകൾ ഒന്നും നടക്കുന്നില്ലെങ്കിലും അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.
6)ലോൺ രജിസ്റ്റർ പരിപാലിക്കുന്നില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് B-5 പ്രകാരമുള്ള ലോൺ തുകയുടെ കൃത്യത വ്യക്തമല്ല.

## 1-12 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ നാളിതു വരെയുള്ള രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ സൂചിപ്പിക്കുന്നു.

1) താഴെ സൂചിപ്പിക്കുന്ന രസീതുകൾ പ്രകാരമുള്ള തുക തനത് ഫണ്ടിലേയ്ക്ക് വരവ് വച്ചതായി കളക്ഷൻ രജിസ്റ്റർ, വാടക രജിസ്റ്റർ എന്നിവയുടെ പരിശോധനയിൽ കാണാൻ കഴിഞ്ഞില്ല. ടി രസീതുകൾ റദ്ദ് ചെയ്തിട്ടുള്ളതായും രേഖപ്പെടുത്തിയിട്ടില്ല. ഡ്യൂപ്ലിക്കേറ്റ് രസീതിനോടൊപ്പം ഒറിജിനൽ രസീത് സൂക്ഷിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | രസീത് നം. /തീയതി | അടവാക്കിയ ആളുടെ വിവരം | തുക |
|---|---|---|---|
| 1 | 12003010084/24-3-21 | സെക്രട്ടറി,പ്രതീക്ഷ SHG കരിമണ്ണൂർ | 665/- |
| 2 | 12003010085/24-3-21 | സെക്രട്ടറി, പ്രതീക്ഷ SHG കരിമണ്ണൂർ | 362/- |

അപാകതകൾ സംബന്ധിച്ച് നൽകിയ എൻക്വയറി നം. 2/31-12-2021 ന് ഹാജരാക്കിയ മറുപടിയിൽ തുക തെറ്റായി രേഖപ്പെടുത്തിയതിനാലാണ് ക്യാൻസൽ ചെയ്തത് എന്നാണ് വിശദീകരണം നൽകിയിട്ടുള്ളത്. ടി രസീതുകൾ ക്യാൻസൽ ചെയ്തെന്ന് പിന്നീട് സാംഖ്യ റിപ്പോർട്ട് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും ഭാവിയിൽ തനത് ഫണ്ട് വരവ് രസീതുകൾ ക്യാൻസൽ ചെയ്യുമ്പോൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ഒറിജിനൽ രസീത് സഹിതം സൂക്ഷിക്കേണ്ടതാണ്.

2) 8922801 എന്ന നമ്പർ ഉള്ള രസീത് ക്യാൻസൽ ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നു. വ്യക്തമായ കാരണം രേഖപ്പെടുത്താതെ രസീതുകൾ റദ്ദ് ചെയ്യുകയോ റദ്ദ് ചെയ്ത രസീതുകളിൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തൽ നടത്തുകയോ ചെയ്യുന്നില്ല. കീറിപ്പോയതിനാലാണ് രസീത് ഉപയോഗിക്കാത്തതെന്ന മറുപടി ഹാജരാക്കിയിട്ടുണ്ട്. രസീതുകൾ ക്യാൻസൽ ചെയ്യുമ്പോൾ ആധികാരികമായി ക്യാൻസൽ ചെയ്ത് സൂക്ഷിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

3) സാംഖ്യ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. മുൻ വർഷങ്ങളിൽ ഇത് സംബന്ധിച്ച പരാമർശം ഉണ്ടായിരുന്നിട്ടും യാതൊരു വിധ പുരോഗതിയും ഇത് സംബന്ധിച്ച് കാണുന്നില്ല. അപാകതകൾ പരിഹരിയ്ക്കുമെന്ന് മറുപടി ഹാജരാക്കിയിട്ടുണ്ട്. മാന്വൽ,സാംഖ്യ രസീത് സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കി ഭാവിയിൽ സൂക്ഷിക്കേണ്ടതാണ്.

5)രസീത് നൽകി ഡേ ബുക്ക് പ്രകാരം ഈടാക്കിയതായി കാണുന്ന തുകയും ട്രഷറി സേവിങ്ങ്സ് അക്കൗണ്ടിൽ(799013000000944) അടവാക്കിയ തുകയും തമ്മിൽ വ്യത്യാസം കാണുന്നു. ഏതാനം ഉദാഹരണങ്ങൾ ചുവടെച്ചേർക്കുന്നു.

| ക്രമ നം. | ഡേ ബുക്ക്/ സാംഖ്യ രസീത് പ്രകാരം അടവാക്കിയ തുക/തീയതി | സൂചിപ്പിച്ചിരിക്കുന്ന രസീത് പ്രകാരം ട്രഷറി സേവിങ്ങ്സ് അക്കൗണ്ടിൽ അടവാക്കിയ തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | 1500/05-01-2021 | 1500+ 4765( 18-01-21 ലെ സാംഖ്യ രസീത് തുക) | വരവിനത്തിലെ തുകകൾ കിട്ടുന്ന ദിവസം തന്നെ രസീത് നൽകുന്നില്ല. തുകകൾ ഏതു തീയതിയിലാണ് പഞ്ചായത്തിന് ലഭ്യമായതെന്ന് അറിയുവാൻ സാധിച്ചിട്ടില്ല. |
| 2 | 4126/12-03-2021 | 4126+ 2975(15-3-21 ലെ സാംഖ്യ രസീത് തുക) | |
| 3 | 7031/22-02-2021 | 7031+1695(23-2-21 ലെ സാംഖ്യ രസീത് തുക) | |

കമ്പ്യൂട്ടറിനുണ്ടായ സാങ്കേതിക തകരാറ് മൂലമാണ് ഈ അപാകതകൾ സംഭവിച്ചതെന്ന് മറുപടിയിൽ വിശദീകരണം നൽകിയിട്ടുണ്ട്. സാംഖ്യ രസീതുകൾ സാങ്കേതിക തകരാറു മൂലം അടിച്ച് നൽകുവാൻ സാധിയ്ക്കാത്ത പക്ഷം മാന്വൽ രസീതുകൾ നൽകേണ്ടതാണ്.അക്കൗണ്ടിങ്ങ് രീതിയുടെ സുതാര്യതയെ ചോദ്യം ചെയ്യുന്ന രീതിയിലുള്ള ഇത്തരം പ്രവണതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്. അപാകതകൾ കൃത്യമായി പരിഹരിച്ച് വിവരമറിയിക്കേണ്ടതാണ്. ഗൗരവതരമായ ഇത്തരം അപാകതകളിലേയ്ക്ക് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെയും ഭരണ വകുപ്പിന്റെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 കെട്ടിട വാടക സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമല്ല

ബ്ലോക്ക് പഞ്ചായത്തിന്റെ വാടക രജിസ്റ്റർ, മറ്റ് രേഖകൾ എന്നിവ പരിശോധിച്ചപ്പോൾ കാണാൻ കഴിഞ്ഞ അപാകതകൾ താഴെക്കൊടുക്കുന്നു.

1)2019-20 ലെ വാടക രജിസ്റ്റർ അപൂർണ്ണമായും ഡിസിബി എഴുതി സൂക്ഷിക്കാതെയും കാണുന്നു. വാടക സംബന്ധിച്ച കൃത്യമായ കണക്കുകൾ രജിസ്റ്റർ പരിശോധനയിൽ അറിയുവാൻ കഴിയുന്നില്ല.

2)വാർഷികക്കണക്ക് പ്രകാരം തൻവർഷ വാടകക്കുടിശ്ശിക ₹7526 ഉം മുൻ വർഷങ്ങളിലെ ₹10053 മാണ്. ഇതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 4/31-12-2021 ന് മറുപടി ഹാജരാക്കിയില്ല.

ഭാവിയിൽ വാടകക്കണക്കുകൾ ഡിസിബി ഉൾപ്പെടെ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതും മേൽ അപാകതകൾക്ക് വിശദീകരണം ഹാജരാക്കേണ്ടതുമാണ്.

## 1-14 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (36/20)- ബ്ലോക്ക് വിഹിതമായി നൽകിയ മൊത്തം തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് പദ്ധതിക്കായി ചൈൽഡ് ഡവലപ്പ്മെന്റ് ഓഫീസർ 2019-20 വർഷം വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതമായി ₹516623/- നൽകിയതിൽ ₹505340/-യുടെ വിനിയോഗസാക്ഷ്യപത്രമാണ് ലഭ്യമായിട്ടുള്ളത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗ്രാമപഞ്ചായത്ത് | നൽകിയ തുക | വിനിയോഗസാക്ഷ്യപത്രത്തിന്റെ വിവരങ്ങൾ | റിമാർക്ക്സ് |
|---|---|---|---|---|
| 1 | വണ്ണപ്പുറം | 255216/- | 250000/-രൂപയുടെ സാക്ഷ്യപത്രം ഹാജരാക്കി | 5216/-രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നു |
| 2. | കോടിക്കുളം | 136691/- | 131440/-രൂപയുടെ സാക്ഷ്യപത്രം ഹാജരാക്കി. | 5251/-രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നു |
| 3. | ആലക്കോട് | 124716/- | 123900/-രൂപയുടെ സാക്ഷ്യപത്രം ഹാജരാക്കി | 816/-രൂപ വിനിയോഗിച്ചിട്ടില്ല |
| | | | ആകെ | 11283/-രൂപ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.1/19-20), മേൽസൂചിപ്പിച്ച പ്രകാരം ചെലവാക്കാതെ ശേഷിക്കുന്ന തുക ബന്ധപ്പെട്ട ഫണ്ടിലേക്ക് തിരിച്ചടച്ച് രേഖകൾ ഹാജരാക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുള്ള മറുപടി നൽകി. ചെലവാക്കാതെ ശേഷിക്കുന്ന തുക ₹11283/- യഥാഫണ്ടിലേക്ക് തിരിച്ചടച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്. പൂർണ്ണമായ വിനിയോഗ വിവരം ഹാജരാക്കുന്നത് വരെ അവശേഷിക്കുന്ന 11283/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-15 ടെണ്ടർ ഫോം ഫീസ്-ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20-വർഷം ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ 38 പദ്ധതികളുടെ ടെണ്ടർ ഫോം ഫീസായി ₹97628/- എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ട്. ഈ തുക ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് നാളിതുവരെയും വരവ് വച്ചിട്ടില്ല. ടെണ്ടർ ഫോം ഫീസിനത്തിൽ എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ വരവ് ചെന്നിട്ടുള്ള തുക ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 വനം വകുപ്പിന്റെ എൻ ഒ സി കൂടാതെ പദ്ധതി രൂപികരിച്ചു

തദ്ദേശ സ്വയം ഭരണവകുപ്പിന്റെ 22/7/17 ലെ ഡി.എ 2/277/17 തസ്വഭവ സർക്കുലർ പ്രകാരം ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിൽ വനം വകുപ്പിന്റെ അനുമതിയില്ലാതെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2003 പ്രകാരം പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിക്കുന്നതിനു മുമ്പ് തടസ്സങ്ങളില്ലാതെ ഭൂമി വിട്ടു കിട്ടുമെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുമുണ്ട്. എന്നാൽ ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് 2019-20 ൽ വനം വകുപ്പിൽ നിന്ന് അനുമതിയില്ലാതെ വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിൽ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് 4 പദ്ധതികൾ രൂപീകരിക്കുകയും ടെണ്ടർ ക്ഷണിച്ച് കരാറിൽ ഏർപ്പെടുകയും ചെയ്തു. എന്നാൽ വനം വകുപ്പിൽ നിന്നും എൻ.ഒ. സി ലഭിക്കാത്തതിനെ തുടർന്ന് പ്രസ്തുത പ്രവൃത്തികൾ ഉപേക്ഷിക്കണമെന്ന് ഡി ബി/ജനറൽ/20-21 തീ 27.8.21 കത്ത് മുഖേന അസി. എഞ്ചിനീയർ പഞ്ചായത്ത് കമ്മിറ്റിയോട് അഭ്യർത്ഥിക്കുകയും 10.8.21 ലെ1/2 നമ്പർ അജണ്ട പ്രകാരം മേൽപ്രവൃത്തികൾ ഉപേക്ഷിക്കുവാൻ ഭരണസമിതി തീരുമാനമെടുക്കുകയും ചെയ്തു. പ്രവൃത്തിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി നം. | പദ്ധതി | അടങ്കൽ | കരാർ നം./ തിയതി |
|---|---|---|---|---|
| 1 | S0061/21 | ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് ഉപ്പുകുന്ന് രാമൻ കവല കൊടിപ്ലാവ് റോഡ് കോൺക്രീറ്റിംഗ് | 500000 | 23/Ae/LTdSew /ebp/20-21/19.10.20 |
| | S0041/21 | ഉടുമ്പന്നൂർ അമയപ്ര തേൻകുടം റോഡ് പുനരുദ്ധാരണം (കോൺക്രീറ്റിംഗ്) | 500000 | 21/Ae/LTdSeL /ebp/20-21/20.10.20 |
| | S00164/21 | വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് നാട്ടുകാണി ശ്രീ ധർമ്മശാസ്താക്ഷേത്രം വട്ടക്കണ്ണി റോഡ് കോൺക്രീറ്റിംഗ് | 500000 | 16/Ae/LTdew/ebp/20-21 /24.9.20 |
| | 181/21 | വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് പൂമാല മുസ്ലിംപള്ളി വളയ്റ്റിൽ റോഡ് കോൺക്രീറ്റിംഗ് | 216442 | 15/Ae/LTdew /ebp/20-24/20.9.20 |

വനം വകുപ്പിന്റെ എൻ ഒ സി ലഭിക്കാതെ വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനാവില്ലായെന്ന് വ്യക്തമായ സാഹചര്യത്തിൽ വനം വകുപ്പിന്റെ ഭൂമി വിട്ടു കിട്ടുമെന്ന് ഉറപ്പുവരുത്തിയിട്ടുമാത്രമേ ഭാവിയിൽ ഇത്തരം പദ്ധതികൾ ഏറ്റെടുക്കാവൂ. അല്ലാത്തപക്ഷം മറ്റ് വികസന പ്രവർത്തനങ്ങൾക്കു വിനിയോഗിക്കേണ്ട സമയവും പണവും പാഴാവുന്നതിന് ഇടയാവും. ഭരണസമിതി ഇക്കാര്യത്തിൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-17 നിയമപരമായ കാലാവധിക്ക് ശേഷവും പിഴ കൂടാതെ കരാർ ചമയ്ക്കാൻ അനുവാദം നൽകി

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2009-6 പ്രകാരം ഒരു പ്രവൃത്തിയുടെ ടെൻഡർ സ്വീകരിച്ച് ഏഴ് ദിവസത്തിനകം കരാറുകാരന് ടെൻഡർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) നൽകണം. സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണെന്നുള്ള വിവരം നോട്ടീസിൽ വ്യക്തമാക്കണം (സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്തു/ഡെസ്പാച്ച് ചെയ്ത തീയതി നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതാണ്). 14 ദിവസത്തിനകം കരാർ ചമയ്ക്കാത്ത പക്ഷം 14 ദിവസത്തിന് ശേഷമുള്ള 10 ദിവസത്തിനകം കരാർ തുകയുടെ (PAC) 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം ₹1,000/-, പരമാവധി ₹25,000/-) കരാർ ചമക്കാവുന്നതാണ്. ഈ 24 (14+10) ദിവസം കഴിഞ്ഞിട്ടും കരാർ ചമച്ചില്ലെങ്കിൽ

ടെൻഡർ റദ്ദാക്കുകയും EMD കണ്ടുകെട്ടി ടെൻഡർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും വേണം. തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ നിരക്കിലും നിബന്ധനയിലും കരാറേറ്റെടുത്ത് നടത്താമോയെന്ന് നെഗോഷ്യേറ്റ് ചെയ്യേണ്ടതും ഇത് സാധ്യമല്ലെങ്കിൽ റീ ടെണ്ടർ ചെയ്യേണ്ടതുമാണ്. എന്നാൽ, ചില കരാറുകാർ മേൽ പറഞ്ഞ 14 ദിവസത്തിന് ശേഷമാണ് കരാർ ചമച്ചിരിക്കുന്നത് എങ്കിലും പിഴ ഈടാക്കിയിട്ടില്ല എന്നു കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./ പേര് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയതി | പിഴ കൂടാതെ കരാർ വെയ്ക്കാനുള്ള അവസാന തീയതി | കരാർ തീയതി/ തുക ₹ | പ്രവൃത്തിയുടെ പൂർത്തീകരണ തീയതി/ പ്രവൃത്തി മൂല്യം | ബിൽ നം. തിയതി തുക ₹ | ഈടാക്കാവുന്ന പിഴ ₹ |
|---|---|---|---|---|---|---|---|---|
| 1 | മേത്തോട്ടി പള്ളിത്താഴം ഇടക്കുന്ന് നടപ്പാത നിർമ്മാണം | എം എം സുലൈമാൻ | 10.8.18 | 24.8.18 | 9.11.2018/ 399978 | 21.12.2019/ 350729 | 19100563010001014084/ 30.12.19//350729 | 4000 |
| 2 | കിഴക്കൻപാടം ചാത്തൻമല ബൌണ്ടറി റോഡ് പുനരുദ്ധാരണം എസ് 0107/20), (എസ് 0040/19) | എം എം സുലൈമാൻ | 18.6.2018 | 2.7.2018 | 24.7.2018/ 497609.41 | 27.3.19/ 460596 | 19100563010000032085 /5.4.19/460596 | 4980 |
| 3 | വെള്ളംചിറ എസ് സി കോളനി ടി വി സെന്റർ റോഡ് സൈഡ് സംരക്ഷണ ഭിത്തി(എസ് 01031/20), (എസ് 0024/19) | നിസാർ റ്റി എ | 14.8.2018 | 29.8.18 | /19.9.2018 /432015 | 1.2.19/ 417639 | 19100563010000038397/ 5.4.19/417639 | 4320 |
| 4 | കൊക്കരണി കപ്പിലാംകാട് കമ്പനി റോഡ് പുനരുദ്ധാരണം എസ് 0052/19), (എസ് 109/20) | അബ്ദുൾ കരിം മാളിയേക്കൽ കരിമണ്ണൂർ | 6.7.18 | 20.7.18 | 26.12.18/ 478223.01 | 16.7.19/ 476461 | 19100563010000636797/ 30.9.19/88206 19100563010000032087/ 5.4.19/388255 | 4790 |
| | | | | | | ആകെ | | 18090 |

നിബന്ധന പാലിക്കാതെയും പിഴ ഈടാക്കാതെയും അതേ കരാറുകാരനെ തന്നെ കരാർ ചമക്കാൻ അനുവദിച്ചതിന് വ്യക്തമായ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.10/05.01.2021 ന് മറുപടി നൽകിയിട്ടില്ല. നിയമപരമായ കാലാവധിക്ക് ശേഷവും കരാർ ചമയ്ക്കാത്തതിനാൽ ഈടാക്കേണ്ടിയിരുന്ന പിഴ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-18 വൗച്ചർ തയ്യാറാക്കുന്നതിലെ അപാകതകൾ

സ്ഥാപനത്തിലെ വൗച്ചറുകൾ തയ്യാറാക്കുന്നത് അക്കൗണ്ട് ചട്ടങ്ങൾക്ക് വിരുദ്ധമായാണ്. ചട്ട പ്രകാരം ചെലവുമായി ബന്ധപ്പെട്ട വൗച്ചറുകൾ സാംഖ്യയിൽ രേഖപ്പെടുത്തുന്ന അതേ തീയതിയിൽ തന്നെ ചെക്ക് പ്രകാരമുള്ള ചെലവും ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ സ്ഥാപനത്തിൽ ചെക്ക് പ്രകാരം തുക ചെലവഴിച്ച ശേഷം ദിവസങ്ങൾക്കു ശേഷമാണ് സാംഖ്യയിൽ ചെലവ് രേഖപ്പെടുത്തുന്നത്. ക്രമപ്രകാരമല്ലാത്ത ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വൗച്ചർ നമ്പർ /തീയതി | ചെക്ക് നമ്പർ /തീയതി | തുക |
|---|---|---|
| 21900117/18-6-2019 | 2318066/11-6-2019 | 4100 |
| 21900118/18-6-2019 | 2318067/12-6-2019 | 12808 |
| 21900001/6-4-2019 | 2318006/3-4-2019 | 18900 |
| 21900419/7-1-2020 | 5277021/31-12-2019 | 300 |
| 21900420/7-1-2020 | 5277021/31-12-2019 | 672 |

പഞ്ചായത്ത് രാജ് ചട്ടം 19 പ്രകാരം എല്ലാ പണമിടപാടുകളും വീഴ്ച കൂടാതെ അക്കൗണ്ടിൽ രേഖപ്പെടുത്തേണ്ടതാണ്. രേഖകളുടെ സൂക്ഷിപ്പ് ചട്ടപ്രകാരം ആയിരിക്കേണ്ടതാണ്.

## 1-19 അസ്സൽ രസീത് ഹാജരാക്കാതെ ഡെപ്പോസിറ്റ് റീഫണ്ട് അനുവദിച്ചത് സംബന്ധിച്ച്

താഴെ കൊടുത്തിട്ടുള്ള ചെക്കുകൾ പ്രകാരം സെക്യൂരിറ്റി നിക്ഷേപങ്ങൾ തിരികെ നല്കിയിട്ടുണ്ടെങ്കിലും ടി നിക്ഷേപങ്ങളുടെ അസ്സൽ രസീതുകൾ റീഫണ്ട് വൗച്ചറുകൾക്കൊപ്പം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ചെക്ക് നമ്പർ / തീയതി | തുക | സ്വീകരിച്ച ആൾ |
|---|---|---|
| 2318066/11-6-2019 | 4100 | ഹൊറൈസൻ ആലപ്പുഴ |
| 5172249/11-10-2019 | 2000 | സാബു ജോസഫ് |
| 5172268/25-2-2020 | 2000 | രഞ്ജിത്ത് വി.ആർ |
| 5277056/19-2-2020 | 7600 | രമേഷ്.കെ |
| 21900450/3-2-2020 | 2000 | ലൈലാമ്മ കാസിം |
| 5172267/31-10-2019 | 2000 | അസ്സീസ് സലിം |

ഡെപ്പോസിറ്റ് തുകകളുടെ റീഫണ്ട് അനുവദിക്കുമ്പോൾ രസീതിന്റെ അസ്സൽ ഹാജരാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | ഈ റിപ്പോർട്ടിനോടൊപ്പം ഓഡിറ്റ് സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | പദ്ധതിയുടെ പേര് | അടങ്കൽ തുക | ഡെപ്പോസിറ്റ് തുക/തീയതി | ഏജൻസി | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|---|
| 1 | കരിമണ്ണൂർ-കോട്ടക്കവല പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 298000 | 298000/23-04-2020 | കേരള വാട്ടർ അതോറിറ്റി | പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല |
| 2 | ആലക്കോട് ഗ്രാമ പഞ്ചായത്ത് കുടിവെള്ള പദ്ധതി പൂർത്തീകരണം | 700000 | 700000/19-05-2020 | കേരള വാട്ടർ അതോറിറ്റി | പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ /വായ്പാ തിരിച്ചടവ്

ലോൺ രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം 31.03.2020-ൽ ₹1479142/-

യാണ് ഐ.എ.വൈ ഭവന നിർമ്മാണ വായ്പയുടെ നീക്കിയിരിപ്പ്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 31.03.2020-ൽ ₹2151030/- ലോൺ അക്കൗണ്ടിൽ മുതലും പലിശയും ചേർത്ത് ബാലൻസ് ഉള്ളതായി കാണുന്നു.
ലോൺ രജിസ്റ്റർ കാലികമാക്കി വാർഷിക കണക്കിലെ വായ്പ തുക ബാങ്ക് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുത്തേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹80,000 |
| തൻവർഷം നിക്ഷേപിച്ച തുക | -- |
| ആകെ | ₹80,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹80,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ആലക്കോട് സർവ്വീസ് സഹകരണ ബാങ്ക് രസീത് നം.1302 തീയതി 17.11.2014 | ₹35,000 |
| ആലക്കോട് സർവ്വീസ് സഹകരണ ബാങ്ക് രസീത് നം.1812 തീയതി 03.01.2015 | ₹35,000 |
| ആലക്കോട് സർവ്വീസ് സഹകരണ ബാങ്ക് രസീത് നം.2375 തീയതി 03.04.2014 | ₹10,000 |
| ആകെ | ₹80,000 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 51342631 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 54144887 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹11283/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| |
|---|
| ഇല്ല |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 11283 | ശ്രീമതി ജിഷ ജോസഫ്, സി.ഡി.പി.ഒ |
| ആകെ | 11283 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | സർക്കാർ |
|---|---|---|
| ഇല്ല | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | ഇല്ല |
|---|---|

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ജിഷ ജോസഫ്, സി.ഡി.പി.ഒ | സി.ഡി.പി.ഒ, ഇളംദേശം ബ്ലോക്ക്, ആലക്കോട് പി.ഒ | നീർണ്ണക്കടി വീട്, തൃക്കളത്തൂർ പി.ഓ., കീഴില്ലം – 683541 മൂവാറ്റുപുഴ. |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അദാലത്തിന് ശേഷം അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നമ്പർ |
|---|---|---|---|
| 1995-1996 | എൽ.എഫ്.ഐ-3/347/99/ 27.09.1999 | 6 | 13,14,15,16,17,18 |
| 1996-97 | എൽ.എഫ്.ഐ-8-64/99/ 16.02.1999 | - | - |
| 19797-98 | എൽ.എഫ്.ഐ-3/388/99/ 27.09.1999 | 15 | 13 മുതൽ 27 വരെ |
| 1998-99 | എൽ.എഫ്.ഐ3/469/00/ 27.08.2000- | 8 | 19.20,21(1),23, 24,25,27,28 |
| 1999-2000 | എൽ.എഫ്.ഐ-4/221/2004/ 21.07.2004 | 12 | 14,15,16,17,21,22, 23,24,25,27,29,30 |
| 2000-2001 | എൽ.എഫ്.ഐ-4/224/2015/ 7.04.2015 | 17 | 14,15,16,17,18 (2,3) 20,21,22,23,24,26, 27,28,29,30,31,33 |
| 2001-2002 | എൽ.എഫ്.ഐ-4/377/2005/ | 7 | 4,5,6,7,8,9,10 |

| | | | |
|---|---|---|---|
| | 09.08.2005-64/99/16.02.1999 | | |
| 2002-2003 | എൽ.എഫ്.ഐ-4/240/2006/ 19.05.2006-64/99/16.02.1999 | 10 | 2-1,3-1മുതൽ 3-9 വരെ |
| 2003-2004 | എൽ.എഫ്.ഐ-4/872/2007/ 09.10.2007-64/99/16.02.1999 | 12 | 2-1 Abc, 3-1 മുതൽ3-11 വരെ |
| 2004-2005 | എൽ.എഫ്.ഐ-4/58/2009/ 11.09.2009 | 5 | 2-2,3-1മുതൽ 3-4വരെ |
| 2005-2006 | എൽ.എഫ്.ഐ 4/507/2009/ 03.08.2009-64/99/16.02.1999 | 13 | 2-1,മുതൽ2-12 വരെ |
| 2006-2007 | എൽ.എഫ്.ഐ-4/496/2012/ 06.07.2012-680/90/27.08.1990 | 7 | 2-1,3-5,3-8,3-9, 3-13,3-14,3-15 |
| 2007-2008 | എൽ.എഫ്.ഐ-4/312/2012/ 10.05.2012- | 3 | 3-1,3-7,3-8 Abc |
| 2008-2009 | കെ.എസ്.എ -ഐഡികെ-10/1020 /2017/28.10.2017- /10/1409/18/01.01.2018 | 5 | 2-1,3-1,3-7, 3-8,3-11 |
| 2009-2010 | കെ.എസ്.എ -ഐഡികെ/10/ 1409/18 /01.01.2018 - | 2 | 3-4,3-5 |
| 2010-2011 | കെ.എസ്.എ -ഐഡികെ-10/1486/ 16/.05.12.2016 | 5 | 2-1,3-1,3-2, 3-3,3-5 |
| 2011-2012 & 2012-2011 | കെ.എസ്.എ -ഐഡികെ-10/442/ 18/18.04.18- | 7 | 3-1,3-2,3-3, 3-4,3-7,3-8,3-9 |
| 2013-2014 | കെ.എസ്.എ-ഐഡികെ-10-/960/ 2017/01.07.2017- | 3 | 3-2,3-3,3-5 |
| 2014-2015 | കെ.എസ്.എ -ഐഡികെ-10/732/ 2016/ 02.07.16-415/96/ 10.10.1996 | 6 | 2-1,2-2,2-3,2-4, 3-4,3-5,3-7 |
| 2015-2016 | കെ.എസ്.എ -ഐഡികെ-10/1659/ 2017/22.03.2018-383/03/ /31.07.2003 | 5 | 2-1,2-2,2-3, 3-1,3-2 |
| 2016-2017 | കെ.എസ്.എ.ഐ.ഡി.കെ-10/1549/ 17/06.11.2017 | 9 | 1-12, 2-2, 2-3, 3-1, 3-8, 3-11, 3-12, 3-13, 3-15 |
| 2017-2018 | കെ.എസ്.എ-ഐ.ഡി.കെ10/115/ 19/23.03.2019 | 13 | 1-12, 2-1,2-2, 3-1 മുതൽ 3-10 വരെ |
| 2018-2019 | കെ.എസ്.എ-ഐ.ഡി.കെ10/167 | 11 | 1-11 മുതൽ 1-21 വരെ |

| | | | |
|---|---|---|---|
| | /2020/19.03.2020 | | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്